# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2548 — 14.02.2013-ൽ മറുപടിക്ക്

## പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവെപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവെപ്പ് ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് നടത്തിവരുന്നത് ; | (എ) | എല്ലാ സർക്കാർ ആശുപത്രികളിലും നടത്തിവരുന്നുണ്ട്. |
| (ബി) ഏതുതരം കുത്തിവെപ്പാണ് ആശുപത്രികളിൽ ഇപ്പോൾ നടത്തിവരുന്നത് ; | (ബി) | കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഇൻട്രാ ഡെർമൽ വാക്സിനേഷൻ കൂടുതലായി ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ഇപ്പോഴും ഇൻട്രാമസ്കുലർ ഇഞ്ചക്ഷനാണ് നൽകുന്നത്. |
| (സി) ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ (ഐ.ഡി.ആർ.വി) ഇപ്പോൾ നൽകിവരുന്നുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) പല സർക്കാർ ആശുപത്രികളിലും ഈ കുത്തിവെപ്പ് നടത്തു ന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) എല്ലാ സർക്കാർ ആശുപത്രികളിലും ഈ കുത്തിവെപ്പ് നടത്താൻ നടപടികൾ സ്വീകരിക്കുമോ ; | (ഇ) | കൂടുതൽ ആശുപത്രികളിലും ഈ രീതി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ ആശുപത്രികളിലും ഈ രീതിയിലുള്ള കുത്തിവയ്പ്പ് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

[2..]

(എഫ്) സംസ്ഥാനത്തെ പല താലൂക്ക് ആശു പത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും 24 മണിക്കൂറും പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവെപ്പി നുള്ള സൗകര്യം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇതു പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(എഫ്) ഇൻട്രാ ഡെർമൽ റാബീസ് വാക്സിൻ (ഐ.ഡി.ആർ.വി) 24 മണിക്കൂറും ലഭ്യ മാക്കുന്നതിന് കൂടുതൽ പരിശീലന പരി പാടികൾ സ്റ്റാഫ് നഴ്സ്മാർക്ക് നടത്തേ ണ്ടതുണ്ട്. ഐ.ഡി.ആർ.വി നൽകി വരുന്ന താലൂക്ക് ആശുപത്രികളിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന സ്ഥലങ്ങളിൽ ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത സി.എച്ച്.സി. കളിൽ കൂടുതൽ ഐ.ഡി.ആർ.വി. പരിശീലനം നൽകിയാലും 24 മണിക്കൂറും വാക്സിൻ നൽകാൻ പ്രയാസം നേരിട്ടേക്കാം.

സെക്ഷൻ ഓഫീസർ